# പറന്നുയരാം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

ജി.എൽ.പി.എസ്

എണ്ണയ്ക്കാട്

# ആമുഖം

തുല്യതയും ഗുണതയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹിക പിന്തുണയോടെ നടത്തുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഓരോ വിദ്യാലയവും വരും നാളുകളിൽ അക്കാദമിക തലത്തിലും കലാ-കായിക പ്രവർത്തി പരിചയ മേഖലകളിലും വിജയക്കൊടി പാറിക്കും എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസരിച്ച് കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കേണ്ടതുണ്ട്. അതിനായി വരും വർഷങ്ങളിൽ അക്കാദമിക തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്. അഞ്ചു കൊല്ലത്തിനപ്പുറം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തു വരുന്ന കുട്ടിയുടെ ആശയ ധാരണ ശേഷിയുടെ വികാസം മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം കുട്ടിയുടെ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം എന്നിവ മനസ്സിൽ കണ്ട് മാറ്റങ്ങളുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ അധ്യാപക ശാക്തീകരണത്തിനുള്ള സൗകര്യമൊരുക്കുന്നതിലും അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും ഉതകുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി. 3/06/25 മുതൽ 13/06/25 വരെ വിദ്യാലയങ്ങളിൽ താഴെ പറയുന്ന വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

03/06/25

LP - പൊതു കാര്യങ്ങൾ

UP - മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ

04/06/25

LP - റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ

UP - ട്രാഫിക് നിയമങ്ങൾ / റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ

05/06/25

LP - വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യ വത്ക്കരണം

UP - വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ് സ്കൂൾ സൗന്ദര്യ വത്ക്കരണം.

09/06/25

LP - ആരോഗ്യം, വ്യായാമം, കായിക ക്ഷമത

UP - ആരോഗ്യം, വ്യായാമം, കായിക ക്ഷമത.

10/06/25

LP - ഡിജിറ്റൽ അച്ചടക്കം

UP - ഡിജിറ്റൽ അച്ചടക്കം

11/06/25

LP - പൊതുമുതൽ സംരക്ഷണം

UP - പൊതു സംരക്ഷണം

12/06/25

LP - പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

UP - പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

13/06/25

LP - പൊതുക്രോഡീകരണം.

UP - പൊതു ക്രോഡീകരണം.

# സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ബുധനൂർ പഞ്ചായത്തിൽ എണ്ണയ്ക്കാട് ജംഗ്ഷനിൽ നിന്നും അര കിലോമീറ്റർ കിഴക്ക് മാറി മാവേലിക്കര - ചെങ്ങന്നൂർ റോഡിനരികിലായി എണ്ണയ്ക്കാട് ഗവ: യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നു 1920 ലാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. എണ്ണയ്ക്കാട് ക്ഷേത്രത്തിന് സമീപമായിരുന്നു ആദ്യം ഈ വിദ്യാലയം. പിന്നീട് കുറച്ച് വർഷങ്ങൾക്ക് ശേഷം വിദ്യാലയം ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത് ആദ്യം ഒരു വ്യക്തിയുടേതായിരുന്നു. ഈ വിദ്യാലയം. പിന്നീട് എൻ. എസ്. എസ് ഏറ്റെടുത്ത് നടത്തുകയും കാലക്രമേണ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.

ആയ ശതാബ്ദിയോടടുക്കാറായ ഈ വിദ്യാലയ മുത്തശ്ശി സമൂഹത്തിൽ ഒട്ടനവധി പേർക്ക് വിദ്യാ പ്രദാനം ചെയ്ത സ്ഥാപനമാണ്. കേരള നിയമസഭയുടെ പ്രഥമ സ്പീക്കറായിരുന്ന ബഹു. ശ്രീ. ശങ്കരനാരായണൻ തമ്പി അടക്കമുള്ളവർ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

പ്രൈമറി ക്ലാസുകളിൽ ഇപ്പോഴുള്ള ക്ലാസ് ടീച്ചർ സിസ്റ്റം മാറ്റി പകരം ഇംഗ്ലീഷ് വിഷയം കൈകാര്യം ചെയ്യാൻ കഴിവുള്ള അധ്യാപിക ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ ഇംഗ്ലീഷും ഗണിതം കൈകാര്യം ചെയ്യുന്നതിൽ താൽപര്യമുള്ള അധ്യാപിക എല്ലാ ക്ലാസുകളിലും ഗണിതം പഠിപ്പിക്കുക. അതുപോലെ ഉദ്ദേശിക്കാം 1-ാം ക്ലാസിലും 2-ാം ക്ലാസിലും ഒരേ അധ്യാപിക തന്നെ പഠിപ്പിക്കുക. ഇത് കൂടുതൽ പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭിക്കുന്നതിനും ശേഷികൾ നേടിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു

യു.പി ക്ലാസുകളിലും ഇതേ രീതിയിൽ അധ്യാപകർ ഓരോ വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിലൂടെ ബോധനം എളുപ്പമാകുന്നു. പാട്ടുപാടാൻ കഴിവുള്ള അധ്യാപകർ പദ്യഭാഗങ്ങൾ പഠിപ്പിക്കേണ്ട സന്ദർഭങ്ങളിൽ അവരെ പ്രയോജനപ്പെടുത്താം ഇത് കവിത വേഗത്തിൽ കുട്ടിക്ക് ഹൃദിസ്ഥമാക്കുവാൻ കഴിയുന്നു.

കായിക മേഖലയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ നല്ലൊരു കായികപ്രതിഭയെ വളർത്തിയെടുക്കാൻ സാധിക്കുന്നു.

ആയിരക്കണക്കിന് ആളുകൾ പഠിച്ചിറങ്ങിയ ഈ വിദ്യാലയം [illegible]ത്തോളം നിലനിൽക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. ശതാബ്ദിയിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഹൈടെക് വിദ്യാലയമാക്കുകയാണ് ലക്ഷ്യം.

# നിലവിലെ അവസ്ഥ

പ്രൈമറി തലത്തിൽ 37 ആൺകുട്ടികളും 50 പെൺകുട്ടികളും അടക്കം 87 കുട്ടികളും. അപ്പർ പ്രൈമറി തലത്തിൽ 38 ആൺ കുട്ടികളും 37 പെൺകുട്ടികളും അടക്കം ആകെ 75 കുട്ടികളും പ്രീ-പ്രൈമറി വിഭാഗത്തിൽ ആകെ 27 കുട്ടികളുമാണ് നിലവിലുള്ളത്. സ്കൂളിൽ പ്രധമാധ്യാപികയടക്കം 6 അദ്ധ്യാപകരും 1 ദിവസവേതനാധ്യാപികയും ഒരു ജൂനിയർ ഹിന്ദി അധ്യാപികയും ഒരു പാർട്ട് ടൈം കണ്ടിൻജന്റ് മീനിയലും ഒരു OA യും ഉൾപ്പെടെ ആകെ 9 ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ഇവിടുത്തെ അധ്യാപക വിദ്യാർത്ഥി ശരാശരി അനുപാതം 1:20 ആണ് ഓരോ ക്ലാസിലും ഓരോ ഡിവിഷൻ മാത്രമെ ഉള്ളൂ.

വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന രക്ഷിതാക്കളുടെ മക്കളാണ് ഈ വിദ്യാലയത്തിലുള്ളത്. നല്ല വീടോ മെച്ചപ്പെട്ട പഠന സാഹചര്യങ്ങളോ ഇവിടുത്തെ വിദ്യാർത്ഥികൾക്കില്ല. എങ്കിലും ലഭ്യമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി മികച്ച നിലവാരത്തിലെത്താൻ ഈ വിദ്യാലയത്തിലെ കുട്ടികൾ ശ്രമിക്കുന്നുണ്ട്. സ്കൂൾ തല പരീക്ഷകളിൽ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. വിവിധ ക്വിസ് മത്സരങ്ങളിൽ കുട്ടികൾ സമ്മാനാർഹരായിട്ടുണ്ട്., എല്ലാവർഷവും വിദ്യാർത്ഥികളെ വിവിധ പരിപാടികളിൽ അർഹരാക്കാറുണ്ട്. സ്കൂളിനു സമീപം പ്രവർത്തിക്കുന്ന കൈരളി ഗ്രന്ഥശാലയും താലൂക്ക് ലൈബ്രറി കൗൺസിലും സംയുക്തമായി നടത്തുന്ന വിവിധ സാഹിത്യ- സാഹിത്യേതര മത്സരങ്ങളിൽ സമ്മാനാർഹരാകുവാൻ ഇവിടുത്തെ

കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. കുട്ടികളുടെ ആരോ-
ഗ്യ സംരക്ഷണത്തിനും കലാഭിരുചിക്കും അധ്യാപ-
കർ തന്നെ പരിശീലനം നടത്തുന്നു.

LSS, USS മത്സര പരീക്ഷകളിൽ പങ്കെ-
ടുക്കുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ്
നേടിയെടുക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് അധ്യാ-
പകരുടെ നേതൃത്വത്തിൽ വിഷയബന്ധിതമായി പ-
രിശീലനം നൽകി വരുന്നു.

ആഴ്ച്ചയിൽ ഒരിക്കൽ SRG മീറ്റിംഗ് കൂടി
പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ച നട-
ത്തുന്നുണ്ട്. അധ്യാപകർ ഈ സമയത്ത് പാഠഭാഗ-
ത്തിൽ തങ്ങൾക്കുള്ള സംശയങ്ങൾക്ക് മറ്റുള്ള-
വരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തു-
ന്നു. ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നതിന്
ലാബ് പരമാവധി പ്രയോജനപ്പെടുത്തി.
ഒപ്പം ICT സാധ്യതകളിലൂടെ പഠനക്രിയ എളു-
പ്പമാക്കുന്നു.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

- ഭാഷാപരമായ പിന്നാക്കാവസ്ഥ എഴുത്ത്, വായന
- ഗണിത ഉപകരണങ്ങളുടെ അപര്യാപ്തത
- ശാസ്ത്ര പഠനത്തിന് ലാബ് സൗകര്യം ഇല്ലായ്മ
- കലാ കായിക - അധ്യാപകരുടെ അഭാവം
- പഴക്കം ചെന്ന കെട്ടിടങ്ങൾ
- ക്ലാസ് റൂം ആകർഷകമാക്കൽ
- വാഹനസൗകര്യം ഉറപ്പാക്കൽ
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ പരിശീലനക്കുറവ്
- ചരിത്ര ബോധത്തിന്റെ അപര്യാപ്തത

# പദ്ധതി രൂപീകരണ പ്രക്രിയ

- സ്കൂൾ എസ്.ആർ.ജി, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിൽ പദ്ധതി രൂപീകരണത്തിനുള്ള പൊതു ധാരണകൾ കണ്ടെത്തൽ
- പദ്ധതി രൂപരേഖ തയ്യാറാക്കൽ
- എസ്.എം.സി, അധ്യാപകർ എന്നിവരുടെ സംയുക്ത യോഗത്തിൽ കരട് പദ്ധതി മെച്ചപ്പെടുത്തൽ
- കരട് പദ്ധതി രൂപരേഖ തയ്യാറാക്കൽ
- കരട് പദ്ധതി രൂപരേഖ വിദഗ്ദ്ധ സമിതി പരിശോധനയും നിർദ്ദേശങ്ങളും കൂട്ടിച്ചേർത്ത് മെച്ചപ്പെടുത്തൽ
- അക്കാദമിക മാസ്റ്റർപ്ലാൻ ഡി.ടി.പി ചെയ്ത് തയ്യാറാക്കൽ

# വിഷയമേഖല - പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ഹ്രസ്വകാല പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ | 1) പ്രീ-ടെസ്റ്റ്<br>2) അക്ഷരം ഉറപ്പിക്കൽ<br>3) ചിഹ്നം ഉറപ്പിക്കൽ<br>4) അക്ഷര കാർഡ്<br>5) പദനിർമ്മാണം<br>6) വാക്യനിർമ്മാണം<br>7) അടിക്കുറിപ്പ്<br>8) ചിത്രം നൽകി കഥ പറയൽ<br>9). കവിത രചന<br>10). കഥാ രചന<br>11) ഉപന്യാസ രചന<br>12). ഭാഷാപര ക്ലാസ് പ്രത്യേകം നൽകുന്നു. | 2 മാസം | പുസ്തകങ്ങൾ, ടി.വി. | BRC<br>DIET<br>PTA<br>SMC |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1) വായനമൂല, ക്ലാസ് ലൈബ്രറി<br>2) സ്കൂൾ ലൈബ്രറി നവീകരണം<br>3) വായനശാല - അംഗത്വം<br>4) പത്രവായന<br>5) അമ്മവായന<br>6) പുസ്തക ചർച്ച<br>7) വായനാനുഭവം പങ്കുവെയ്ക്കൽ<br>8) വിദ്യാരംഗം<br>9) വായനക്കുറിപ്പ്<br>10) സ്കൂൾ സഭ<br>11) ദിനാചരണങ്ങൾ<br>12) ആസ്വാദ്യകരമായ വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഗ്രന്ഥശാല പത്രങ്ങൾ പ്രസിദ്ധീകരണങ്ങൾ, വായനാമുറി | BRC<br>DIET<br>SCERT<br>SMC<br>ഗ്രന്ഥശാല |

| | | | | | |
|---|---|---|---|---|---|
| | | 13) സാഹിത്യകാരന്മാരുമായി അഭിമുഖം<br>14) അനുകാലിക മാസ പ്രസിദ്ധീകരണം<br>15) വായനക്കൂട്ടം<br>16) പുസ്തകം ഒരുക്കൽ<br>17) കാവ്യക്കൂട്ടം | 6 മാസം | ക്ലാസ്സ് ലൈബ്രറി, | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1) പുസ്തക ചർച്ച<br>2) ക്ലാസ് ലൈബ്രറി<br>3) പതിപ്പ്<br>4) ആസ്വാദനക്കുറിപ്പ്<br>5) സാഹിത്യരൂപ പരിചയപ്പെടുത്തൽ<br>6) എഴുത്തുകൂട്ടം<br>7) വായനക്കുറിപ്പ്<br>8) ബാലസഭ<br>9) പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>10) വ്യക്തിഗത രചന<br>11) ഭാഷാ പ്രോജക്ട്<br>12) സാഹിത്യകാരന്മാരുമായുള്ള സംവാദം.<br>13) രചയിതാക്കളെ പരിചയപ്പെടൽ<br>14) ചിത്രപ്രദർശനം<br>15) ചുമർപത്രിക<br>16) സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം<br>പുസ്തകങ്ങൾ ശേഖരം | ലൈബ്രറി | BRC<br>DIET<br>SCERT<br>SMC<br>ജനപ്രതിനിധികൾ<br>അധ്യാപകർ |

# അമ്മ മലയാളം, നന്മ മലയാളം

## ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ

എല്ലാ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിച്ച് അവരെ മികച്ച വായനക്കാരനും ഒപ്പം മികച്ച എഴുത്തുകാരനുമാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുന്നിലെത്തിച്ച് വായനയും എഴുത്തും ഒരു പുതിയ അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ വേദിയാക്കി മാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- സ്കൂൾസഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT എന്നിവ സജ്ജീകരിക്കൽ

# പ്രവർത്തനങ്ങൾ

- → പ്രീ-ടെസ്റ്റ് നടത്തുന്നു പിന്നാക്കക്കാരെ കണ്ടെത്തുന്നു.
- → അക്ഷരം ഉറപ്പിക്കൽ
- → ചിഹ്നം ഉറപ്പിക്കൽ
- → അക്ഷരകാർഡ്, പദകാർഡ് - അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ
- → പദനിർമ്മാണം - അക്ഷരം, ചിഹ്നം - കാർഡുകളിലൂടെ പദനിർമ്മാണം
- → വാക്യനിർമ്മാണം
- → അടിക്കുറിപ്പ്
- → കഥ പറയിക്കൽ - ചിത്രം നൽകി കഥ പറയിപ്പിക്കൽ
- → കവിതാ രചന
- → ഭിന്നശേഷിക്കാരെ പരിഗണിക്കൽ
- → ക്ലാസ് ലൈബ്രറി രൂപീകരിക്കൽ
- → സ്കൂൾ ലൈബ്രറി നവീകരണം
- → സമീപ ഗ്രന്ഥശാല അംഗത്വം
- → പത്രവായന, പത്രക്വിസ് എന്നിവ തയ്യാറാക്കൽ.

## അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം, വായനാമുറി, പുസ്തക കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് തെരഞ്ഞെടുക്കൽ, പ്രോത്സാഹനം

## പുസ്തക ചർച്ച

വായനാനുഭവം പങ്കുവയ്ക്കൽ - പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്കു. നൽകിയ പുസ്തകങ്ങൾ അധ്യാപക രക്ഷാകർതൃയോഗത്തിൽ പരിചയപ്പെടുത്തൽ

## വായനക്കുറിപ്പ്

വായനക്കുറിപ്പ് ശേഖരണം, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ പതിപ്പ് പ്രകാശനം.

## വിദ്യാരംഗം കലാസാഹിത്യവേദി

വായന, എഴുത്ത് മെച്ചപ്പെടുത്താൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

## ദിനാചരണങ്ങൾ

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

## സാഹിത്യകാരന്മാരുമായുള്ള അഭിമുഖം

സാഹിത്യവാസന മെച്ചപ്പെടുത്തൽ, കൃതികൾ തിരിച്ചറിയൽ, പുസ്തക രചനാ തന്ത്രങ്ങൾ അറിയൽ തുടങ്ങിയവയ്ക്ക് വേണ്ടി.

## വായനാ സാമഗ്രികൾ വികസിപ്പിക്കൽ

എൽ.പി. കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികൾ രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ പങ്കാളിത്തത്തോടെ രചന ശില്പശാല

## വായനക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്

അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധി, രക്ഷിതാക്കൾ പ്രാദേശിക സാഹിത്യകാരന്മാർ, BRC, DIET അധ്യാപകർ എന്നിവരുടെ സേവനം ഉറപ്പാക്കുക

## എഴുത്തുകൂട്ടം

കുട്ടികളെ ഗ്രൂപ്പാക്കി വ്യക്തിഗത രചന, സാമൂഹ്യരചന എന്നിവ സംഘടിപ്പിക്കുന്നു.

## ചുമർപത്രിക, പതിപ്പ്

സർഗശേഷി പരിപോഷിപ്പിക്കൽ, ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

## ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം

BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ

## സാഹിത്യ സാംസ്കാരിക ചിത്ര പ്രദർശനം

സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ, ചിത്രങ്ങൾ, മഹദ് വചനങ്ങൾ ജീവചരിത്ര കുറിപ്പുകൾ ആസ്വാദനക്കുറിപ്പ്, കവിത എന്നിവ പ്രദർശിപ്പിക്കൽ

# Let's Talk

സ്കൂളിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി ആസൂത്രണം ചെയ്തത്.

## പ്രവർത്തനങ്ങൾ

**Lend your Ear**

ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.

**Follow me if you can**

ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു

**Breaking News**

ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.

**Missing Man**

അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുകയും ശേഷം അധ്യാപികയുടെ സംഭാഷണം നിശബ്ദം ചെയ്ത് കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം കുട്ടിക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

Treasure Hunt

വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് നിധിയുടെ അറ-കളാകുന്നു. ഓരോ അറകൾക്കും നമ്പർ നൽകിയിരിക്കു-ന്നു. കണ്ടെത്തലിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണി-ക്കുന്നു.

Meet the Foreigner

അന്യഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.

One man Show

ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോ-ത്സാഹിപ്പിക്കുന്നു.

Learning Ladder

പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കാൻ കുട്ടിക്ക് അവസരം നൽകുന്നു.

F.M Corner

വ്യത്യസ്തമായ കഥകൾ റേഡിയോ പ്രോഗ്രാം രൂപത്തിൽ അവതരിപ്പിക്കുവാൻ അവസരം

My Droplet

കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി, ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു.

Fun time Funda

കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം.

# ഹിന്ദി

എല്ലാ കുട്ടികൾക്കും അനായാസമായി ഹിന്ദി കൈകാര്യം ചെയ്യാനുള്ള അവസരം ഇതിൽ തന്നെ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ

1. ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം

- ഹിന്ദി സിനിമ / ഡോക്യുമെന്ററി കാണാനുള്ള അവസരം
- ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം
- ഹിന്ദി കവിതകൾ, കഥകൾ കേൾക്കാനുള്ള അവസരം
- ഹിന്ദി ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കൽ

2. ഹിന്ദി നാടക കളരി

- കഥാവായന
- കഥാ രചന
- സ്ക്രിപ്റ്റ് റൈറ്റിങ്
- എഡിറ്റിങ്
- അഭിനയ പരിശീലനം
- ICT സാധ്യതയുപയോഗം.

# ശാസ്ത്രീയ കുതുകം

ഉദ്ദേശ്യം

* കുട്ടി ശാസ്ത്രജ്ഞരെ സൃഷ്ടിക്കുക
* കുട്ടികളിൽ ശാസ്ത്രീയബോധം പരിപോഷിപ്പിക്കുക
* വിവിധ പരീക്ഷണങ്ങളിലേർപ്പെടുന്നതിന് കുട്ടിക്ക് ധാരാളം അവസരങ്ങൾ നൽകുക.

പ്രവർത്തനങ്ങൾ.

→ പരീക്ഷണ സാമഗ്രികൾ ശേഖരിച്ച് അവ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ

→ ഒഴിവു സമയങ്ങളിൽ കുട്ടികൾക്ക് സ്വന്തമായ പരീക്ഷണം നടക്കുന്നതിനും പരീക്ഷണം കുറിച്ച് ജ്ഞാനമാക്കുന്നതിനുള്ള അവസരമൊരുക്കൽ

→ പരീക്ഷണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി പരീക്ഷണ ഘട്ടത്തിൽ കുട്ടികൾ നേരിട്ട പ്രശ്നങ്ങൾ കൂട്ടായ ചർച്ചയിലൂടെ പരിഹാരം കണ്ടെത്തൽ

→ ബാലശാസ്ത്രജ്ഞന് അവാർഡ്.

→ ഗവേഷണാത്മക പ്രോജക്ട് തയ്യാറാക്കൽ

→ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കൽ

# സാമൂഹ്യശാസ്ത്രം

**ഉദ്ദേശ്യം**

സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അറിവുകൾ രൂപപ്പെടുത്തുക, ആശയങ്ങൾ രൂപപ്പെടുത്തുക, ഇവ പരിശോധിക്കൽ നേടിയെടുക്കൽ

**പ്രവർത്തനങ്ങൾ**

→ അക്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്

→ ഓർമ്മച്ചെപ്പ് - നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവയിൽ ICT ഉപയോഗപ്പെടുത്തൽ

→ Virtual field trip - ICT സാധ്യത ഉപയോഗിച്ച്

→ വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് - ജനാധിപത്യരീതിയുടെ അടിസ്ഥാനതലങ്ങൾ മനസ്സിലാക്കൽ

→ പരിസ്ഥിതി ചർച്ചകൾ

→ തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ സന്ദർശനം

→ ചോദ്യോത്തര വേളകൾ സംഘടിപ്പിക്കൽ

# ഗണിതം മധുരം

## ഉദ്ദേശ്യം

→ ഗണിതശേഷി നേടുന്നതിനുള്ള കഴിവുകൾ വളർത്തുക

→ ലളിതമായ രീതിയിൽ ഗണിതപഠനം നടത്താനുള്ള ശേഷി നേടുന്നു.

→ കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും പ്രയാസം മനസ്സിലാക്കുന്നതിനും കുട്ടിയെ പ്രാപ്തരാക്കുന്നു.

## പ്രവർത്തനം

→ പ്രീ-ടെസ്റ്റ് നടത്തി പിന്നാക്കാവസ്ഥയിലുള്ളവരെ കണ്ടെത്തുക

→ SRG ചർച്ചചെയ്ത് പ്രവർത്തന മേഖല നിശ്ചയിക്കൽ

→ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തൽ

→ പഠനോപകരണങ്ങൾ ഒരുക്കൽ

→ പരിശീലന മേഖലകൾ : ഗണിതകഥകൾ, കവിതകൾ, രൂപനിർമ്മാണം, കണക്കിലെ കളികൾ, ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യതപ്പെടുത്തൽ, ഏകകങ്ങൾ പരിചയപ്പെടുത്തൽ, ഉപകരണ നിർമ്മാണം, ഗണിത പഠനം ഐ.സി.ടി. സാധ്യതയിലൂടെ

→ ഗണിത ക്ലിനിക്

→ ഗണിത അസംബ്ലി.

# കലാകായിക പ്രവൃത്തി പരിചയം

## ഉദ്ദേശ്യം

→ പഠന പാഠ്യേതര മികവുകൾ വർദ്ധിപ്പിക്കുക
→ സാംസ്കാരിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കൽ
→ തൊഴിൽ അഭിരുചി വർധിപ്പിക്കൽ

## പ്രവർത്തനങ്ങൾ

→ പേപ്പർ ക്രാഫ്റ്റ്, കളിമൺ ശില്പ നിർമ്മാണം, വെജിറ്റബിൾസ് പ്രിന്റിംഗ്, തുടങ്ങിയ പരിശീലനങ്ങൾ
→ പാഴ് വസ്തുക്കളിൽ നിന്ന് ഉൽപന്നങ്ങൾ തയ്യാറാക്കൽ
→ പേപ്പർ ക്യാരിബാഗ് നിർമ്മാണം
→ BRC, DIET, SMC, SSG, OSA എന്നിവയുടെ പിന്തുണയോട് കൂടെ കലാപഠനം
→ CSWN കുട്ടികൾക്ക് താൽപര്യമുള്ള ഇനത്തിൽ ആർ.പി.യുടെ സഹായത്തോടെ പരിശീലനം

## നേട്ടം

ലഭിച്ച അറിവുകൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു.

# പരിസ്ഥിതിയെ അറിയാൻ
# ഔഷധ സസ്യ ഉദ്യാനം

## ഉദ്ദേശ്യം

→ കുട്ടികളെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ പ്രാപ്തരാക്കുന്നു.

→ വിസ്മൃതിയിലാണ്ടു പോകുന്ന ഔഷധ സസ്യങ്ങളെ കുറിച്ചുള്ള അറിവു നേടുന്നതിന്

→ ഔഷധ സസ്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, പ്രചാരം കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്.

## പ്രവർത്തനങ്ങൾ

→ ഔഷധ സസ്യത്തോട്ടം

→ ഫീൽഡ് ട്രിപ്പ്

→ മുതിർന്നവരോട് ചോദിച്ചറിയൽ

→ പ്രോജക്ട് തയ്യാറാക്കൽ – ഔഷധ സസ്യങ്ങൾ, സാമകാലിക പ്രസക്തി

→ ലഘുലേഖ വിതരണം, – പ്രയോജനം പൊതുജനങ്ങളിലേക്ക് എത്തിക്കാൻ.

# ഭൗതികം

മേന്മകളോടൊപ്പം തന്നെ നിരവധി പോരായ്മകളും ഇന്ന് ഈ വിദ്യാലയം നേരിടുന്നുണ്ട്. വളരെ പഴക്കം ചെന്ന കെട്ടിടങ്ങളാണ് ഇവിടെയുള്ളത്. ആവശ്യത്തിന് വെളിച്ചവും ശരിയായ രീതിയിലുള്ള വായുസഞ്ചാരവും ക്ലാസ് മുറികളിൽ ലഭിക്കുന്നില്ല. ഇത് പഠന പ്രക്രിയയെ ബാധിക്കുന്നുണ്ട്. ശുചിമുറികളുടെ അപര്യാപ്തതയും മറ്റു പോരായ്മയാണ്. സ്കൂൾ കെട്ടിടങ്ങൾ ആകർഷകമല്ല. കുട്ടികൾക്ക് കളിയുപകരണങ്ങൾ കുറവാണ്.

## മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ

→ കെട്ടിട നവീകരണം

→ ശുചിമുറികളുടെ മെയിന്റനൻസ്

→ കളിയുപകരണങ്ങൾ

→ കലാകായിക അധ്യാപികരുടെ നിയമനം.

# മോണിറ്ററിംഗ്

സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി കൺവീനർ, എസ്.എം.സി കൺവീനർ, എം.പി.ടി.എ പ്രതിനിധി.

# ഉപസംഹാരം

മാസ്റ്റർ പ്ലാനിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിലൂടെ എണ്ണയ്ക്കാട്ട് ഗവ: യു.പി സ്കൂളിലെ ഓരോ കുട്ടിയും മികവിന്റെ പാതയിലേക്ക് എത്തും എന്ന് തീർച്ചയാണ്.